**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള, പരിഷ്കരണം - പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള സ്കെയിൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

സ:ഉ(സാധാ)382/11/സഹ. തിരുവനന്തപുരം, തീയതി, 17.06.2011

---

പരാമർശം:- 1. 25.02.2011-ലെ സ:ഉ:(പി) 36/11/സഹ നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 16.05.2011-ലെ ഇ.എം.(2) 13334/11-ാം നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പാർട്ട് ടൈം ജീവനക്കാർക്ക് അനുവദിച്ചിരുന്ന സ്കെയിൽ വളരെ കുറവാണെന്നും ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.04.2009-നും ശമ്പള പരിഷ്കരണ ഉത്തരവ് തീയതിയായ 25.02.2011-നും മദ്ധ്യേ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് പുതുക്കിയ സ്കെയിലിൽ ശമ്പളം പരിഷ്കരിക്കുമ്പോൾ 398/- രൂപയുടെ കുറവ് വരുന്നതായും ആയതിനാൽ ഈ അപാകത പരിഹരിക്കുന്നതിലേക്കായി 2700-50/5-2950-100/5-3450-150/5-4200 എന്ന സ്കെയിൽ അനുവദിക്കാവുന്നതാണെന്നും പരാമർശം രണ്ട പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം ഒന്നിലെ ഉത്തരവു പ്രകാരമുള്ള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുകയാണെങ്കിൽ, പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പളം മുൻപ് വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തെക്കാൾ കുറവാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്ക് 2700-50/5-2950-100/5-3450-150/5-4200 എന്ന സ്കെയിൽ അനുവദിച്ചുകൊണ്ട് പരാമർശം ഒന്നിലെ ഉത്തരവിന്റെ അനുബന്ധം ഒന്നിലെ ക്രമനമ്പർ 29 മൂന്നാം കോളം (പുതുക്കിയ സ്കെയിൽ) ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**കെ. ഉഷാദേവി,**
**അഡീഷണൽ സെക്രട്ടറി.**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
സ:ഉ:(പി) 36/11/സഹ നമ്പർ തീർപ്പ ഫയൽ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
Rajendran
**സെക്ഷൻ ഓഫീസർ**